# കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂൾ പത്തനംതിട്ട

## ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2019–2020

# ജാലകം



# ലിറ്റിൽ കൈറ്റ്സ് മാഗസിൻ2019-2020



## ഉള്ളടക്കം

ആമുഖം....4
എഡിറ്റോറിയൽ ബോർഡ്....6
സന്ദേശം....7
മുഖമൊഴി....8
സന്ദേശം....9
യാത്രാ മംഗളങ്ങൾ....10
അനുമോദനങ്ങൾ....12
ലിറ്റിൽ കൈറ്റ്സ്....14
സ്കൂൾ തല....15
പ്രവർത്തനങ്ങൾ....15
ലിറ്റിൽ കൈറ്റ്സ് സ്കൂൾ തല ക്യാംപ് ,....17
എം.പി.റ്റി.എ ,ലഹരി വിരുദ്ധ ക്യാംപ്....17
സൈനികൻ....18
അത്യാഗ്രഹിയായ അപ്പുക്കുട്ടൻ....19
സൗഹൃദം....20
സൗഹൃദം....21
മാതൃരാജ്യം....22
മഴ....23
സഹോദരി....24
കുട്ടിക്കാലം....25
ഹർത്താൽ....26
മഴത്തുള്ളി!....27
ഉപമ....28

മരമൊരു വരം....29
മരവും മുളയും....30
മരവും മുളയും....31
വിദ്യാലയം....34
പുതുജീവൻ....36
ബുദ്ധിമാനായ....38
കാക്ക....38
പാരിൻെറ നൻമയ്ക്ക്ത്ര....40
കാർമേഘം....42
നല്ല ചങ്ങാതി....43
ചെമ്മരിയാടേ!....44
നമ്മൾ....45
ഗാന്ധിജി....47
തുടിതാളം തേടി....48
കിട്ടിയതിൽ പാതി....50
ഓർമ്മകളിലൂടെ....51
കുട്ടിക്കാലം....51
കിനാവ്....53
കിനാവ്....54

# ആമുഖം

ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഈ യുഗത്തിൽ പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ വിദ്യാഭ്യാസപ്രക്രിയയ്ക്ക് വലിയ പങ്ക് വഹിയ്ക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് "ലിറ്റിൽ കൈറ്റ്സ് "എന്ന ആശയം ഉരുത്തിരിഞ്ഞത്.
വിവര വിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ

രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.കാതോലിക്കേറ്റ് ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 'ജാലകം' എന്ന മാഗസിൻ സമർപ്പിക്കുന്നു.
ആശംസകളോടെ........

# ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്
# സൂസൻ ഫിലിപ്പോസ് തരകൻ
# സൂസൻ എം അലക്സാണ്ടർ



# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർസ് : ആൽവിൻ യൂഹാനോൻ തോമസ് , അലീന റജി**

**കോ എഡിറ്റർസ്: ബ്ലസൻ വിജി**
**സോന സജി**

# സന്ദേശം



പാഠപുസ്തകത്തിൽ  ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള  പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ വിദ്യാഭ്യാസപ്രക്രിയയിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ സാങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സാങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെട്ടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്. നമ്മുടെ വിദ്യാലയത്തിലും സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ് 'എന്ന കുട്ടികളുടെ ഐ .ടി കൂട്ടായ്മയിലൂടെ സാധ്യക്കട്ടെ എന്ന് ആശംസിക്കുന്നു.

പ്രിൻസിപ്പാൾ,
ജെസി തോമസ്.

# മുഖമൊഴി



കാതോലിക്കേറ്റ് ഹയർസെക്കണ്ടറി സ്കൂൾ അതിന്റെ വിജയപടവുകൾ കയറി മുന്നേറുമ്പോൾ 'ലിറ്റിൽ കൈറ്റ്സ്' പദ്ധതിയിൽ അംഗമാവാനുള്ള അവസരവും ലഭിച്ചു. സ്കൂളിലെ നാല്പത് കുട്ടികൾക്കാണ് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നത്.സാങ്കേതിക രംഗത്തെ വിവിധമേഖലകളിലുള്ള അടിസ്ഥാന നൈപുണ്യങ്ങൾ പരിചയപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുവാൻ ഈ പദ്ധതിയിലൂടെ സാധ്യമാകട്ടെ......

ഹെഡ്മാസ്റ്റർ,
മാത്യു .എം.ഡാനിയേൽ

# സന്ദേശം

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ. ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ ഗുണപരമായും സർഗ്ഗാത്മകമായും പുതുതലമുറയെ പരിപോഷിപ്പിച്ച് മുൻനിരയിലെത്തിക്കുവാൻ സാധിക്കുന്നു. ഞങ്ങളുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 'ജാലകം' എന്ന ഡിജിറ്റൽ മാഗസിൻ രൂപകൽപ്പന ചെയ്യുന്നതും പ്രസിദ്ധീകരിക്കുന്നതും സ്കൂളിൽ ലഭ്യമായ കംപ്യൂട്ടർ സംവിധാനങ്ങളിലൂടെയാണ്. കംപ്യൂട്ടർ രംഗത്ത് കൂടുതൽ വൈദഗ്ധ്യം നേടുവാൻ ഭാവിയിൽ പ്രയോജനകരമാക്കുവാനും ഇടയാകട്ടെ എന്നാശംസിക്കുന്നു....



ദീപ മേരി ജേക്കബ്

എസ്. ഐ. ടി സി

# യാത്രാ മംഗളങ്ങൾ



മേരി വർഗീസ്



പി.ജി ലിസി



സാജൻ ജോർജ്ജ്

# അനുമോദനങ്ങൾ





സംസ്ഥാനതല ലിറ്റിൽ കൈറ്റ്സ് ക്യാംപിൽ പങ്കെടുത്തവർ



സംസ്ഥാനതല ഐടി മേള 'ബി 'ഗ്രേഡ് (ഡിജിറ്റൽ പെയിൻറിംഗ്)

# ലിറ്റിൽ കൈറ്റ്സ്




ലിറ്റിൽ കൈറ്റ്സ് 2018–2020




ലിറ്റിൽ കൈറ്റ്സ് 2019–2021

# സ്കൂൾ തല പ്രവർത്തനങ്ങൾ









# ലിറ്റിൽ കൈറ്റ്സ് സ്കൂൾ തല ക്യാംപ് , എം.പി.റ്റി.എ ,ലഹരി വിരുദ്ധ ക്യാംപ്















# സൈനികൻ....

മാതൃരാജ്യത്തിനു
വിജയം കൈവരിക്കാൻ
പോരാട്ടുമെൻ പ്രിയ
സൈനിരെകൻ മാതൃരാജ്യത്തെ,
പെറ്റമ്മെയെപ്പോലെ സ്നേഹിക്കും സൈനികൻ
അവരുടെ ദുഃഖങ്ങൾദുരിതങ്ങൾ എല്ലാം ആരു
കാണുന്നു
ആരു കേൾക്കുന്നു എങ്കിലും മാതൃരാജ്യത്തിന്
വേണ്ടി ജീവിതം കാഴ്ച
വയ്ക്കുന്നു എൻ പ്രിയ സൈനികൻ
അവരെ സ്നേഹിക്കണം
ബഹുമാനിക്കണം ആദരിക്കണം....

ആൽബിൻ വിൽസൺ
9B

# അത്യാഗ്രഹിയായ അപ്പുക്കുട്ടൻ

ഒരിടത്ത് രണ്ട് കുട്ടികൾ ഉണ്ടായിരുന്നു.അവരുടെ പേര് അപ്പുവെന്നും അമ്മുവെന്നും ആയിരുന്നു.അവർ ഒരേ ഗ്രാമത്തിലെ ഒരേ സ്കൂളിൽ തന്നെയായിരുന്നു പഠിച്ചിരുന്നത്.ഒരു ദിവസം അവരുടെ അദ്ധ്യാപകൻ അവർക്ക് ഒരു അസൈൻമെൻെറ് കൊടുത്തു.അത് ഒരു പടം വരച്ചുകൊണ്ടുചെല്ലാനായിരുന്നു. അവർ ഏത് കാര്യവും ഒരുമിച്ചായിരുന്നു ചെയ്തുകൊണ്ടിരുന്നത്.പക്ഷേ ഇത്തവണ അവരുടെ അദ്ധ്യാപകൻ പറഞ്ഞിരുന്നു ഏറ്റവും നല്ലതായി ചെയ്യുന്നവർക്ക് ഒരു സമ്മാനം നല്കുമെന്ന്. അതു കേട്ട് അപ്പു സ്കൂളിൽനിന്ന് ചെന്നയുടനെ പേപ്പറും കളർപെൻസിലും എല്ലാം എടുത്ത് പടം വരക്കാൻ ഇരുന്നു. പക്ഷേ അമ്മു അത് സാവധാനം അച്ഛനോടും അമ്മയോടും ആലോചിച്ച് വളരെ മനോഹരമായി വരച്ചു. എന്നാൽ അപ്പുതനിക്ക് സമ്മാനം കിട്ടണം എന്ന മനോഭാവത്തോടെയാണ് പടം വരച്ചത്.പക്ഷെ അദ്ധ്യാപകന് ഏറ്റവും ഇഷ്ടപ്പെട്ട പടം അമ്മുവിൻേറതായിരുന്നു. അവസാനം അപ്പുവിന് താൻ ചെയ്ത തെറ്റ് മനസ്സിലായി.പിന്നെ അപ്പു അമ്മുവിനോട് ക്ഷമ ചോദിച്ചു.അങ്ങനെ അവരുടെ സൗഹൃദം പഴയതുപോലെ ആയിത്തീർന്നു.പിന്നീട് എന്ത് കാര്യവും അവർ ഒരുമിച്ചായിരുന്നു ചെയ്തിരുന്നത്.മറ്റുള്ളവർക്ക് അവരുടെ സൗഹൃതം ഒരു മാതൃകയായ് മാറി.

അലീന ബിനു
9A

# സൗഹൃദം.....

പിരിയാത്ത കൂട്ടുകാർ നമ്മൾ പിരിയാത്ത
സ്നേഹമോടെ......
നൊമ്പരങ്ങളും പുഞ്ചിരിയാകും
ഓമൽ ചിരിയോടെ.......
പിരിയാത്ത താരങ്ങൾ പോലെ
തകരില്ല സൗഹൃദം......
സങ്കടങ്ങളും തേങ്ങലുമെല്ലാം
മാറ്റും സുഹൃത്തുക്കൾ.......
പിരിയാത്ത സൗഹൃദം എന്നും
പിരിയാത്ത ഓർമകൾ.....
നൊമ്പരങ്ങളും പുഞ്ചിരിയാകും
യാത്രമൊഴിയോടെ......
തകരാത്ത കൂട്ടുകാർ നമ്മൾ
തകരാത്ത സ്നേഹമോടെ.......
നൊമ്പരങ്ങളും പുഞ്ചിരിടയോടെ
യാത്രമൊഴിയോട് .......

അൽഫിയ ഷുക്കൂർ
9B

# മാതൃരാജ്യം

ഇന്ത്യ എന്റെ മാതൃ രാജ്യമാണ്. ഞാൻ അതിൽ
അഭിമാനം കൊള്ളുന്നു. എന്റെ പെറ്റമ്മതന്നെയാണ്
മാതൃരാജ്യം. സ്വന്തം അമ്മയെ സ്നേഹിക്കുന്നു.
ഒരു കുഞ്ഞിന് തന്റെ സ്വന്തം അമ്മ എത്ര
പ്രിയപ്പെട്ടതാണോ അതേപോലെ
തന്നെയാണ് എനിക്ക് എന്റെ മാതൃരാജ്യവും.
ഞാൻ എന്റെ
രാജ്യത്തിന്റെ പാരമ്പര്യത്തിൻ അഭിമാനം
കൊള്ളുന്നു.എന്റെ രാജ്യത്തുള്ളവര് എല്ലാവരും
എനിക്ക് പ്രിയപ്പെട്ടതാണ് ഞാൻ അവരുടെ
ദുഃഖത്തിൽ പങ്കാളിയാകും.എന്റെ രാജ്യത്തെ
ഞാൻ  ബഹുമാനിക്കുന്നു.

ആൽവിൻ യൂഹാനോൻ തോമസ്
9B

# മഴ

മഴ മാസം വന്നീടുന്നു
മാനവർത്തൻ മോഹം ഉണർന്നീടുന്നു
പൂമഴ കുളിർമഴ
തേന്മഴയായി
മാലാഖമാർ തൻ തോളിലേറി
മന്ദമായി വന്നണഞ്ഞീടുന്നു
മഴയേ നിൻ മുഖം ഭീതിതമായി
തീരരുതേ...
ആയിരങ്ങൾ തൻ ജീവൻ
നീ പന്താടി കളയരുതേ
നിൻ ആനന്ദം മ്ലാനമാകരുതേ
മാനവരാശിക്ക് ദാഹജലമേകുന്ന...
വിണ്ട് കീറിയ ഭൂമിക്ക് ആശ്വാസമേ,
മഴയേ നിനക്ക് വന്ദനം!

അംന നിസ
9B

# സഹോദരി

കുഞ്ഞുനാൾ മുതൽ എൻ കൂട്ടുകാരി
എൻ വേദന അവൾ വേദന പോലെ
അവളുടെ ഉള്ളിൽ എന്നും ഞാൻ

അവൾ എൻ വളർത്തമ്മ
ഞാൻ എന്നും അവൾ തൻ ഓമന
ഇവളാണ് എൻ പ്രിയ സഹോദരി

എഞ്ചൽ സാറാ ബിജു
9B

# കുട്ടിക്കാലം..

മണ്ണപ്പം ചുട്ട് കളിച്ചക്കാലം
ചോറും കറിയും വെച്ച് കളിച്ചകാലം
ഓർത്തിരുന്നോ എപ്പോഴെങ്കിലും ഓർത്തിരുന്നോ
കുറച്ച് കഴിയുമ്പോള്ത ഓർമ്മകൾ മാത്രം
ഈ കാലം അതൊക്കെ മായ്ച്ച്കളഞ്ഞു
മണ്ണിലും വിണ്ണിലും ഇൻററർനെറ്റുകൾ മാത്രം
ഓർക്കു സമൂഹത്തെക്കുടി ഓർക്കു
സമുഹവുമായി കുടുതൽ ഇണങ്ങിചേരു
നമുക്കേറ്റവും പ്രിയപ്പെട്ട സമൂഹ്ഹം
പൂമ്പാറ്റകളെപ്പോലെ പാറിനടന്ന കുഞ്ഞുങ്ങളുടെ,
സ്വതന്ത്ര്യം ഇപ്പോൾ എവിടെപ്പോയി
നശിക്കുകയാണ് നമ്മുടെ ലോകമിപ്പോൾ,
കുട്ടിക്കാലത്ത് കളിച്ച കളികൾ ഇപ്പോൾ എവിടെ പ്പോയി,
നശിക്കുകയാണ് നമ്മുടെ ലോകമിപ്പോൾ,
മരന്നുപോയതെന്തുകൊണ്ടു വരു
വൃദ്ധാരായാലും മറക്കാത്തകാലം,
അതുതന്നെയാണ് നമ്മുടെ കുട്ടിക്കാലം

ANGELA
9B

# ഹർത്താൽ

ഹർത്താലല്ലോ മിന്നും താരം
മലയാളികളുടെ മനതാരിൽ
പകുത്തെടുത്തു പാർട്ടികൾ പലരും
വാർഷിക ഹർത്താൽ ദിവസങ്ങൾ
ബോറടി മാറ്റാൻ പ്രതിഷേധിക്കാൻ
അവകാശം തരികില്ലെന്നോ
ഹർത്താൽ നീക്കം ചെയവതിനെതിരെ
ഉണ്ടേ നാളെയ്യൊരു ഹർത്താൽ
മുക്കുവിറച്ചു പുലമ്പുന്നുണ്ടേ
രാഷ്ട്ര്റിയത്തിൻ കുലപതികൾ
ഒറ്റക്കെട്ടാണിക്കാര്യത്തിൽ
പൊതുജനസെവകരെല്ലാവരും

ANGELIN ELSA BIJU
9B

# മഴത്തുള്ളി!

അതാവരുന്നു.... കറുത്ത
പഞ്ഞിക്കൂട്ടം....
കറുത്ത മെത്തപ്പോലെ
അതാ വെളുത്ത വരയും പ്രകാശവും;
അതു പെട്ടന്നുമാഞ്ഞുപ്പോയി.
അപ്പോൾ അതാ ഭ്രമിയിലേക്ക്
മുത്ത്മണിയുടെ ഘോഷം.
ആത്രും കേൾക്കാൻ കൊതിക്കും
ആ വരവ്,
അത് പലപ്പല മുത്ത്മണിയായി
ഭ്രമിയിൽ വന്ന് പതിക്കുന്നു...
പതിക്കുന്ന ഓരോ മൂത്തമണ്ണിയും
കുടി ചേർന്ന് വലിയ കൂട്ടാമായി
എങ്ങോട്ടോ പോകുകയാണ്.
വിഴുന്ന മുത്തുമണ്ണി പലതും പോട്ടിപോയി...
കുറച്ചു കഴിഞ്ഞപ്പോൾ അതിൻെ്റ വരവ് നിന്നു.

അനില സാറ സാം
9B

# ഉപമ

**നമ്മുടെ ജീവിതം മറ്റുള്ളവർക്ക് ഒരു ഉപമയാണ്.ഉപമകൾ ജീവിതത്തെ വഴിതിരിക്കാൻ കാരണമായെക്കാം. ഉപമകൾ ജീവിതത്തിൽ പ്രചോദനമോ നിരുൽ സാഹപ്പെടുത്തുകയോ ചെയ്യേകാം. ഉപമകൾ പലതും നമ്മെ പഠിപ്പിക്കും.**

എന്നെ ഏറ്റവും സ്വാധീനിച്ച ഉപമ കടുകുമണിയുടെ ഉപമ ആണ്. ഒരു ചെറിയ വിത്തിൽ നിന്നും മുളയ്ക്കുന്ന വലിയ മരത്തിൻെറ ഉപമകൾ നമുക്ക് മറക്കാൻ കഴിയുമോ....ഉപമകൾക്ക് എന്തും സൃഷടിക്കാം.

നല്ല സൃഷ്ടികൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാനായി ഈ ലേഖനം സമർപ്പിക്കുന്നു

ആൻ അന്നാ റ്റൈറ്റസ്.
9B

## മരമൊരു വരം

ദൈവത്തിന്റെ വരമാം
മരം എന്ന് ജീവജാലങ്ങൾക്ക്
ആവശ്യം. മരത്തിൻ തണലിൽ
കളിക്കുന്ന കുട്ടികൾക്കോ–
സന്തോഷത്തിൻ നാളുകൾ മാത്രം.
കൂട്ടുകൂടാൻ ഇടം തേടുന്ന
പക്ഷികൾക്കോ സ്വാന്തനത്തിൻ
നാളുകൾ മാത്രം.
രോഗത്തിൻ ആശ്വസമായ്
മരത്തിൽ മരുന്നുകൾ മാത്രം
ദൈവ ത്തിൻ വരമാം മരത്തെ
നശിപ്പിക്കരുതേ കൂട്ടുക്കാരേ..

**ആരതി**
**9B**

# മരവും മുളയും

ഒരിടത്ത് ഒരു ഭയങ്കരമായ കാടുണ്ടായിരുന്നു. ആ കാട്ടിൽ ഒരു മരവും, പാവമായാരുന്ന ഒരു മുളയും ഉണ്ടായിരുന്നു. ഒരിക്കൽ മരം മുളയെ കളിയാക്കി നീ ഒട്ടും നീളം ഇല്ലല്ലോയെന്ന് അന്നേരം ആ മുളയ്ക്ക് ഒത്തിരി സങ്കടം ആയി . ഈ മരം എപ്പോഴും ആ മുളയെ കളിയാക്കുമായിരുന്നു.അനുഭവപ്പെട്ടു. ആ മരം കാട്ടിൽ മറിഞ്ഞു വീണു പാവപ്പെട്ട മുള മാത്രം മറിഞ്ഞു വീണില്ല.

ATHUL
9B

# പ്രവർത്തനങ്ങൾ












MESSI
10
by
Blesson

# ലിറ്റിൽ കൈറ്റ്സ

# 2019-2021



# <u>വിദ്യാലയം</u>

നല്ല പാഠങ്ങൾ പഠിക്കുവാനും
പടിപ്പിക്കുവാനും എന്നും കൂട്ടായ്
എൻ വിദ്യാലയം മാത്രം ...
കൂട്ടുകാരുമൊത്ത് കളിക്കുവാനും
ആശയങ്ങൾ പങ്കുവെക്കുവാനും
എൻ സ്നേഹമാം തണൽപോലെ എൻ
വിദ്യാലയം.......
അറിവുകളുടെ മഹാ ആഴമേറിയ
സമുദ്രമാണ് വിദ്യാലയം........
കടൽ തിരമാല പോലേ പാഞ്ഞു-
വരുന്ന അറിവാണ് വിദ്യാലയം.........
അറിവിൻെറ ആദ്യ പടിയാണ്
വിദ്യലയം.....
ജീവിതത്തിൻെറ ഉയരങ്ങളിലെ
ചവിട്ടുപടിയാണ് വിദ്യാലയം.........
അറിവിൻെറ ആലയമാണ്

വിദ്യാലയം.........
എന്നും ഓർക്കാൻ നമ്മു-
ടെ വിദ്യാലയം..........

ഹരിപ്രിയ .ജെ
9B

# പുതുജീവൻ.....

ജിവിതം എന്നതിൻ അർഥം
അറിയാതെ നാം ഒരോരുത്തരും,
എന്തിനീ ഭൂമിയിൽ വാസം ചെയുന്നു
ഇനി വരുന്നൊരു പുതു ജീവൻ
എങ്ങനെ ഈ ഭുവതിൽ വസിക്കുംമി
ഗോളലത്തിൽ നില തെറ്റി
നശിച്ചു കൊണ്ടിരിക്കുന്ന  പുതു ജിവൻ,
ജീവിതം ഒരു നീർപൊളൊയാണ്
അതിൽ നമ്മുടെ അയുസ് വെറും നിമിഷങ്ങൾ
മാത്രം,
മുടികെട്ടിയ ആകാശത്തിൻ ചുവട്ടിൽ
പ്രതിക്ഷയുടെ നിറം വാരിയണിഞ്ഞ
ഒരു പൂവ്
മഴക്കാറകന്നൊരു നീലാകാശം സ്വപ്നം കണ്ട്
ഒരു നനുത്ത മഴയുടെ കുഴളിരിൽ
നനഞ്ഞ് വിടരുന്നൊരു
കുതു ജീവൻ.......

റൊണി ബ്രൂസ് ഡാനിയേൽ
9B

# ബുദ്ധിമാനായ കാക്ക

ഒരിക്കൽ ഒരു കാക്ക ദാഹിച്ച് വലയുകയായിരുന്നു ,
കുറേ നേരം
ആ കാക്ക സഞ്ചരിച്ചു . പെട്ടെന്ന് താഴേക്ക്
നോക്കിയപ്പോൾ ഒരു
കുടം കണ്ടു കാക്ക പതിയെ താഴേക്ക് വന്നു
കുടത്തിലേക്ക് നേക്കി
യപ്പോൾ വെള്ളം കുറച്ചേയുള്ളായിരുന്നു.കാക്കയ്ക്ക്
കുടിക്കാൻ പറ്റാത്തവിതത്തിലായിരുന്നു. അപ്പോൾ
ഒരു ബുദ്ധിതോന്നി. ചുറ്റിനും കുറച്ചു കല്ലുകൾ
കിടപ്പുണ്ടായിരുന്നു. കാക്ക കല്ലെടുത്ത്
കുടത്തിൽ ഇട്ടു അപ്പോൾ കുടത്തിലെ വെള്ളം
ഉയർന്നു വന്നു.
കാക്ക തൃപ്തിപൂർവം വെള്ളം കുടിച്ചു മടങ്ങി.

ജയകൃഷ്ണൻ
9B

# പാരിൻെറ നൻമയ്ക്കായ്.....

ഞാൻ നിങ്ങൾക്കോരു മാന്ത്രികസൂക്തം തരാം.നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ ഈ ഒരു ഉപായം പരീഷിച്ചുനോക്കിയാൽ മതി
നിങ്ങൾ കണ്ടിട്ടുളളതിൽ വച്ച് ഏററവും ദരിദ്രനായ,നിസ്സഹായനായ മനുഷ്യൻേറ മുഖം സങ്കൽപ്പിച്ചു നോക്കുക. എന്നിട്ട് നിങ്ങൾ ചേയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതേങ്കിലും രീതിയിൽ പ്രയോജനപ്പട്ടുമോ എന്ന് സ്വയം ചോദിച്ചു നോക്കുക. അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ?അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കി ക്കോട്ടുക്കമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ , നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്നു കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?
അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും
അഹന്ത അലിഞ്ഞുപോകുന്നതായും
നിങ്ങൾക്ക് അനുഭവപ്പെടും

ഗാന്ധിസാഹിത്യസംഗ്രഹം (ഗാന്ധിജി)

ജോഷ്വാ
9B

# കാർമേഘം

മനം പോലെ മാനവും
ഇരിളുന്നു വീണ്ടും.....
പെയ് തൊഴിയൊഴിയുന്നില്ല
ഒരു തുളളിപ്പോലും
ഘനമേറെയാണതാനും
ആർത്തലച്ചു ചെയ്യണം
ലഘുവായ് വീണ്ടും
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ

ലിയ
9B

# നല്ല ചങ്ങാതി

ഒരിടത്തൊരിടത്ത് ഒരു കുട്ടു എന്ന് പേരുള്ള നായ്കുട്ടൻ താമസിച്ചിരുന്നു തവിട്ടു നിറവും കഴുത്തിൽ മഞ്ഞബെൽറ്റുമുള്ള ഒരു സുന്ദരൻ.

നല്ല ചങ്ങാതി    ഒരു ദിവസം കുട്ടു നടന്നു വരുകയായിരുന്നു.

അപ്പോൾ കുട്ടുവിന് വല്ലാതെ വിശന്നു.ആ സമയം പൊന്നൻ എന്ന് പേരുള്ള തേനീച്ച അതുവഴി വന്നു. എന്താ നീ വിഷമിച്ചിരിക്കുന്നത് എന്ന് പൊന്നൻ ചോദിച്ചു.എനിക്ക് വിശന്നിട്ട് വയ്യ ,കുട്ടു പറഞ്ഞു.

പൊന്നൻ വേഗം പോയി കുറച്ച് തേൻ കൊണ്ട് വന്ന് നല്ല ചങ്ങാതി കുട്ടുവിനു കൊടുത്തു.അത് കുടിച്ച് കുട്ടുവിൻെറ

വിശപ്പ് മാറി.അവന് സന്തോഷ മായി.

കുട്ടു നന്ദി പൊന്നാ എന്ന് പറഞ്ഞു

മിഥുൻ
9B

# ചെമ്മരിയാടേ!

ചെമ്മരിയാടേ ചങ്ങാതി
കമ്പിളി ഇത്തിരി തരുമോ നീ?
കമ്പിളിയിത്തിരി തന്നാലോ
തുന്നിയെടു ക്കാം കുപ്പായം!
കമ്പിളി കൊണ്ടൊരു കുപ്പായം
ഇട്ടുനടന്നാലയ്യയ്യ
എത്ര തണുപ്പാണെന്നാലും
എന്തൊരു സുഖമാണമ്പമ്പോ!

നെവിൻ ഡേവിഡ് തോമസ്
9B

# നമ്മൾ

സ്നേഹമായെന്നും മണ്ണിൽ
വിരിയുന്ന സൗഹൃദ പനിനീർ
പൂക്കൾ നമ്മൾ....
സൗഹൃദ തോണിയിൽ തുഴയുന്ന
കാലത്തിൻ മായാത്ത ചിത്ര–
ത്തിൽ ഏടുകൾ നാം
നിഴലിച്ച മനസിലിന്നൊരുപാട്
താലോലിച്ച നാം
എന്നും മനസ്സിന്റെ വഴിവക്കി–
ലൊരു ചെറു നാളം പോൽ
കത്തിജ്വലിച്ച നിൽപ്പൂ
വിജയത്തിൻ പടിവാതിലിൽ
ഒരുമിച്ച കൈകോർത്ത
നമ്മളൊരു കൊച്ചു യാത്രയിൽ
സഹയാത്രികർ
പിരിയുവാൻ കഴിയില്ല
ഒരുനാളും തോഴരേ.....
അറിയൂ ഹൃദയമിടിപ്പുകൾ നാം........

–പൂജ ജോർജ്
9A

# ഗാന്ധിജി

ഗാന്ധിജി ലോകം മറക്കാത്ത വ്യക്തിത്വം.
തന്റെ ദേശത്തെ ജീവനുതുല്യം സ്നേഹിച്ച
മഹാ വ്യക്തി അഹിംസയു സമാധാനവും
എന്ന രണ്ട് ആയുധങ്ങൾക്കൊണ്ട്പൊരുതിയ
മഹാൻ . ലോകം ഇന്നും അദ്ദേഹത്തെ
ഓർക്കുന്നു, ആദരിക്കുന്നു. ഓക്ടൊബർ 2 ൽ
ഗുജറാത്തിൽ കരംചന്ത് ഗാന്ധിയുടെയും
പുതലി ബായിയുടെയും മകനായി ജനനം.
ചെറുപ്പം മുതലെ സത്യത്തിൽ വിശ്വാസം
അർപ്പിച്ചിരുന്നു. അദേഹത്തിന്റെ ആത്മകഥയായ
"എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ"
എന്നതിൽ സത്യം എന്നത് ദൈവമാണെന്നും
അഹിംസ അത് തോടാനുള്ള പടചട്ടയാണെന്നും
പറയുന്നു . വക്കീലായിരുന്ന അദ്ദേഹം പിന്നീട്
ഇന്ത്യയുടെ സ്യാതന്ത്ര്യത്തിന് വേണ്ടി മുന്നിട്ടിറങ്ങി.
പിൻക്കാലത്ത് അദ്ദേഹം ഇന്ത്യയുടെ രാഷ്ട്ര
പിതാവായി അറിയപ്പെട്ടു . 1948–ൽ ജനുവരി 31–ൽ
അദ്ദേഹം അന്തരിച്ചു.

എന്റെ ജീവിതമാണ് എന്റെ സന്ദേശം
–മഹാത്മാ ഗാന്ധിജി

റഹന
9B

# തുടിതാളം തേടി

നമ്മുടെ മാതാവു– കൈരളി– പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം–
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കൽച്ചിലങ്ക കിലുങ്ങുമാ–
റോടിക്കളിച്ചു രസിച്ച കാലം
പൊറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ് ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

റസ്സിയ
9B

# കിട്ടിയതിൽ പാതി

മോഷ്ടിക്കാൻ ഒരു വലിയ വീട്ടു കണ്ടുവെച്ചു.
രാത്രിയിൽ അവിടെ മോഷ്ട്ക്കാനെത്തിയപ്പോൾ  അതാ മറ്റൊരു കള്ളൻ തിമ്മു.
'ഹും' ഞാനിവിടെ മോഷ്ടിക്കും.നീ നിൻെറ പാട്ടിനു പൊ.
അവർ തർക്കമായി.ഒടുവിൽ ഗുമ്മു പറഞ്ഞു."ഞാൻ കയറി മോഷ്ടിക്കാം. കിട്ടുന്നതിൽ പാതി തന്നേക്കാം."അതു സമ്മതിച്ച്
സന്തോഷത്തോടെ തിമ്മു പറത്തു നിന്നു. ഗുമ്മു മതിൽ ചാടി
അകത്തു കടന്നു. അലപം കഴിഞ്ഞപ്പോൾ ഗുമ്മു തിരിചെത്തി.
എന്നിട്ട്  തിമ്മുവിൻെറ കൈപിടിച്ച് ഒറ്റക്കടി.
ഹയ്യോ.......ഇതെന്താ?"
'കിട്ടിയതിൽ പാതി തന്നതാ. അവിടത്തെ പട്ടി എന്നെ രണ്ട്
തവണ കടിച്ചു."

സാദിക്ക് മുഹമ്മദ്
9B

# ഓർമ്മകളിലൂടെ

കുട്ടിക്കാലം...യേപ്പോലെ, പൂമ്പാറ്റകളെപോലെ
പാറിനടന്നകാലം ഞാൻ ഓർക്കുന്നു
മണ്ണപ്പം ചുട്ടുകളിച്ചകാലം ...
ആരോടും വഴക്കില്ലാതെ
കൂട്ടുകാരുമൊത്ത് സ്നേഹം പങ്കു-
വെച്ചകാലം ഞാൻ ഓർക്കുന്നു
വൃദ്ധരായിരുന്നാലും മനസ്സിൽ
സൂക്ഷിക്കുന്നക്കാലം....
അപ്പറത്തെ വീട്ടിലെ
മാവിന്മേൽ വലിഞ്ഞുകയറിയ
കാലം ഓർക്കുന്നു ഞാൻ ഇപ്പോൾ
വിദ്യാലയത്തിലാകട്ടെ കുട്ടിക്കാലത്ത്
സന്തോഷത്തിൻ നാളുകൾ മാത്രം
കുട്ടിക്കാലം മാഞ്ഞുപോയി ബാക്കി-
യുള്ള ഓർമ്മകളിലേക്കു മാത്രം.....

സോന സജി..
9B

# കിനാവ്

പകൽ കിനാവിന്നും
പതിവുപോലെ
പുളിയിലക്കര
പുടവ ചുറ്റി,
പൊട്ടു തൊട്ടു,
വാലിട്ടു കണ്ണെഴുതി,
മിട്ടോളമെത്തും
മുടിയഴകുൽ
മെഞ്ഞതിൽ
മുല്ലപ്പൂ മാലചൂടി
മനസ്സിൻെറ കടവത്തുന്നു...
തോണിയേറീ
തുഴയുന്നു..
ഇതുവരെ കാണാത്ത
മഴവില്ലു തേടി..
മലർക്കാട്ടു തേടി..
മധുരക്കുട്ടു തെടി

സൂര്യാ
9B

# പുതുജീവൻ.....

ജിവിതം എന്നതിൻ അർഥം
അറിയാതെ നാം ഒരോരുത്തരും,
എന്തിനീ ഭ്രമിയിൽ വാസം ചെയുന്നു
ഇനി വരുന്നൊരു പുതു ജീവൻ
എങ്ങനെ ഈ ഭുവതിൽ വസിക്കും
ലോകമി ഗോളലത്തിൽ നില തെറ്റി
നശിച്ചു കൊണ്ടിരിക്കുന്ന  പുതു ജിവൻ,
ജീവിതം ഒരു നീർപൊളൊയാണ്
അതിൽ നമ്മുടെ അയുസ് വെറും നിമിഷങ്ങൾ
മാത്രം,
മുടികെട്ടിയ ആകാശത്തിൻ ചുവട്ടിൽ
പ്രതിക്ഷയുടെ നിറം വാരിയണിഞ്ഞ
ഒരു പൂവ്
മഴക്കാറകന്നൊരു നീലാകാശം സ്വപ്നം കണ്ട്
ഒരു നനുത്ത മഴയുടെ കുഴളിരിൽ
നനഞ്ഞ് വിടരുന്നൊരു
പുതു ജീവൻ.......

റോണി ബ്രൂസ് ഡാനിയേൽ
9B

# നന്ദി

